"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ്- നാൽപ്പത് ശതമാനമോ അതിലധികമോ ഭിന്നശേഷിയുള്ളവർക്ക് സ്വകാര്യ ബസ്സുകളിൽ യാത്രാ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.308/2023/TRANS തീയതി,തിരുവനന്തപുരം, 20-07-2023

---

പരാമർശം:-
1. 2016-ലെ ഭിന്നശേഷി അവകാശ നിയമം.
2. 28/10/2022-ലെ ജി.ഒ.(ആർ.ടി.) നം.448/2022/ട്രാൻസ്.
3. സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ 23/06/2023-ലെ 1672/എസ്.6/23/എസ്.സി.പി.ഡബ്ല്യൂ.ഡി നമ്പർ കുറിപ്പ്.

**ഉത്തരവ്**

സ്വകാര്യ സ്റ്റേജ് ക്യാരേജ് ബസ്സുകളിൽ ഭിന്നശേഷിയുള്ള വ്യക്തികൾക്ക് യാത്രാ ഇളവ് ലഭിക്കുന്നതിനുള്ള ഭിന്നശേഷി ശതമാനം നാൽപ്പത്തഞ്ച് ശതമാനമോ (45%) അതിലധികമോ ആയി, പരാമർശം (2) ഉത്തരവ് പ്രകാരം, സർക്കാർ നിശ്ചയിച്ചിരുന്നു. എന്നാൽ, പരാമർശം (1) പ്രകാരമുള്ള നിയമത്തിൽ, നാൽപ്പത് ശതമാനമോ (40%) അതിലധികമോ ഭിന്നശേഷിയുള്ള വ്യക്തികൾക്ക് ഗതാഗത സംവിധാനം ഉപയോഗിക്കുമ്പോൾ യാത്രാ ഇളവുകൾ അനുവദിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ, സർക്കാർ ബസ്സുകളിൽ ഭിന്നശേഷിക്കാർക്ക് ഏർപ്പെടുത്തിയ യാത്രാ ഇളവുകൾക്ക് സമാനമായി, സ്വകാര്യ ബസ്സ് സർവ്വീസുകളിലും യാത്രാ ഇളവ് അനുവദിക്കുന്നതിന് നിലവിലെ ഉത്തരവിൽ ഭേദഗതി വരുത്തണമെന്ന്, പരാമർശം (3) കുറിപ്പ് പ്രകാരം, സംസ്ഥാന ഭിന്നനശേഷി കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന സ്വകാര്യ സ്റ്റേജ് ക്യാരേജ് ബസ്സുകളിൽ, ഭിന്നശേഷിയുള്ള വ്യക്തികൾക്ക്, യാത്രാ ഇളവ് ലഭിക്കുന്നതിനുള്ള ഭിന്നശേഷി ശതമാനം നാൽപ്പത് ശതമാനമോ (40%) അതിലധികമോ ആയി നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം
സെക്രട്ടറി, സ്റ്റേറ്റ് ട്രാൻസ്പോർട്ട അതോറിറ്റി
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ഐ & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:
ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിക്ക്
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ പി.എ.-ക്ക്
ഗതാഗത(ബി) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.-ക്ക്